**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 432** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അപു ജോൺ ജോസഫ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** തൊടുപുഴ മുട്ടം തുടങ്ങനാട് സ്പൈസസ് പാർക്കിനായി ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സുഗന്ധവ്യഞ്ജന സംസ്കരണ വ്യവസായങ്ങളുടെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനായി, കിൻഫ്ര, ഇടുക്കി ജില്ലയിലെ മുട്ടത്ത് സ്പൈസസ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്.

ആധുനിക അടിസ്ഥാനസൗകര്യങ്ങളോടു കൂടിയ വ്യാവസായിക അന്തരീക്ഷം ഒരുക്കുക എന്നതാണ് പാർക്കിന്റെ പ്രധാന ലക്ഷ്യം. നിലവിൽ, ഏഴ് വ്യവസായ യൂണിറ്റുകൾക്ക് പാർക്കിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. അവയിൽ ഭൂരിഭാഗം യൂണിറ്റുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സുഗന്ധവ്യഞ്ജന സംസ്കരണം, ഫ്രോസൺ ഫുഡ് ഉൽപ്പന്നങ്ങൾ, കൊക്കോ ഉൽപ്പന്നങ്ങൾ, ബേക്കറി ഉൽപ്പന്നങ്ങൾ, അരിപ്പൊടി, അച്ചാർ നിർമ്മാണം, മുഴുവൻ സുഗന്ധവ്യഞ്ജനങ്ങളുടെ പാക്കിംഗും കയറ്റുമതിയും ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളാണ് ഇവിടെ സ്ഥാപിതമാകുന്നത്.

കൂടാതെ, കിൻഫ്ര സ്പൈസസ് പാർക്കിലെ അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗിന്റെ ഗ്രൗണ്ട് ഫ്ലോറിലും ഒന്നാം നിലയിലുമായി ഓഫീസ് പ്രവർത്തനങ്ങൾക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമായി കമ്പനികൾക്ക് ബിൽറ്റ് അപ്പ് സ്പേസും അനുവദിച്ചു വരുന്നു. നിലവിൽ ഒരു യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

**(ബി)** സ്പൈസസ് പാർക്കിൽ പുതിയ സംരംഭങ്ങൾ തുടങ്ങാൻ നടപടി കൈക്കൊള്ളുമോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** സ്പൈസസ് പാർക്ക് പദ്ധതിക്കായി ആകെ 36.45 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 15.29 ഏക്കർ ഭൂമിയിൽ അലോട്ട് ചെയ്യാൻ യോഗ്യമായ 9.19 ഏക്കർ ഭൂമിയും സംരംഭകർക്ക് അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതിൽ, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാത്ത 3.40ഏക്കർ ഭൂമി തിരിച്ചെടുത്തത് നിലവിൽ പുതിയ സംരംഭകർക്ക് അനുവദിക്കാവുന്നതാണ്. സംരംഭകർക്ക് അനുവദിച്ച 5.79 ഏക്കർ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത 21.16 ഏക്കർ ഭൂമിയിൽ 11.76 ഏക്കർ ഭൂമി അലോട്ട് ചെയ്യാൻ യോഗ്യമാണ്. അതിൽ അലോട്ട് ചെയ്ത 2.5 ഏക്കർ ഭൂമി നിർമ്മാണ പ്രവർത്തനങ്ങൾക്കായി തയ്യാറെടുക്കുന്നു. രണ്ടാം ഘട്ടത്തിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ അലോട്ട്മെന്റിനായി ലഭ്യമാകുന്ന ബാക്കി 9.26 ഏക്കർ ഭൂമിയും പുതിയ വ്യവസായ സംരംഭകർക്ക് അനുവദിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**